**കേരള സർക്കാർ**
**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**ജില്ല ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001**
**ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,**
**വെബ്സൈറ്റ്: www.prd.kerala.gov.in**

പത്രക്കുറിപ്പ് 3 'ഭരണഭാഷ-മാതൃഭാഷ' 2019 ഓഗസ്റ്റ് 10 ശനി

# മഴക്കെടുതി:വൈശ്യം ഭാഗം പാലം തുറന്നു

ആലപ്പുഴ:മഴക്കെടുതിയുടെ പശ്ചാത്തലത്തിൽ ആലപ്പുഴ കഞ്ഞിപ്പാടം വൈശ്യം ഭാഗം പാലം വലിയ വാഹനങ്ങൾക്കൊഴികെ യാത്രാസൗകര്യത്തിനായി പൊതുമരാമത്ത് രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ജി. സുധാകരൻ തുറന്നുകൊടുത്തു. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ദുരന്തനിവാരണ പ്രവർത്തനങ്ങളിൽ റവന്യൂ ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനായി വിന്യസിച്ചിട്ടുണ്ട്. ചെറുതന ഹനുമാൻതറ പാലത്തിനടിയിൽ അടിഞ്ഞുകൂടിയ മാലിന്യങ്ങൾ നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കിയിട്ടുണ്ട്.

ജില്ലയുടെ വിവിധ ഭാഗങ്ങളിൽ അപകടാവസ്ഥയിൽ നിന്നിരുന്ന മരങ്ങൾ മുറിച്ചുനീക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു നടപടികൾ ത്വരിതപ്പെടുത്തി. വിവിധ മേഖലകളിലെ സന്നദ്ധ സംഘടനകളുടെ യോഗം വിളിച്ചുചേർത്ത് വോളൻറിയേഴ്സ്, അവശ്യസാധനങ്ങൾ , ബോട്ടുകൾ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തി. ജില്ലയിൽ നിലവിൽ സ്ഥിതിഗതികൾ നിയന്ത്രണവിധേയമാണ് എന്നും ജനങ്ങൾ ആശങ്കപ്പെടേണ്ടതില്ല എന്നും ജില്ലാ കളക്ടർ അറിയിച്ചു.

# മാവേലിക്കരയിലും ക്യാമ്പുകൾ തുറന്നു;18 ക്യാമ്പിലായി 1525 പേർ

ആലപ്പുഴ: മാവേലിക്കര താലൂക്കിലും മൂന്നു ദുരിതാശ്വാസ ക്യാമ്പ് തുറന്നതോടെ ജില്ലയിൽ ഇതുവരെ തുടങ്ങിയത് 18 ക്യാമ്പുകൾ. 1525

പേരാണ് ഇവിടങ്ങളിലായുള്ളത്. മാവേലിക്കരയിലെ വെട്ടിയാർ ഗവ.എൽ.പി.എസ്, തൃപ്പെരുന്തുറ ഗവ.യു.പി.എസ്., തഴക്കര കുന്നം ഗവ.എൽ.പി.എസ്. എന്നിവടങ്ങളിലായി 29 കുടുംബങ്ങളിലെ 117 പേരുണ്ട്.

# കോടംതുരുത്തിൽ നിന്ന് ആളുകളെ ഒഴിപ്പിക്കുന്നു

ആലപ്പുഴ:ചെങ്ങന്നൂർ പിരളശേരി കോടംതുരുത്തിൽ വെള്ളത്താൽ ചുറ്റപ്പെട്ട കുടുംബങ്ങളെ പൊലീസും ഫയർഫോഴ്സും നാട്ടുകാരും ചേർന്ന് ഒഴിപ്പിക്കുന്നു. പിരളശേരി എൽ.പി.സ്കൂളിലെ ദുരിതാശ്വാസ കേന്ദ്രത്തിലേക്കാണ് ഇവരെ മാറ്റുന്നത്. 42 കുടുംബങ്ങളിലെ ഇരുനൂറോളം പേരെയാണ് മാറ്റുന്നത്.

കഴിഞ്ഞ പ്രളയത്തിൽ രക്ഷാപ്രവർത്തനത്തിന് ഏറെ ബുദ്ധിമുട്ടേറിയ പ്രദേശങ്ങളിൽ ഒന്നായിരുന്നു കോടംതുരുത്ത്. രണ്ടു ദിവസം മുമ്പേ ക്യാമ്പിലേക്കു മാറാൻ ഇവരോട് ആവശ്യപ്പെട്ടിരുന്നു. ഇതിന് തയ്യാറാകാതിരുന്നതോടെയാണ് ജനപ്രതിനിധികളുടെ നേതൃത്വത്തിൽ പൊലീസ്, ഫയർഫോഴ്സ് സഹകരണത്തോടെ ഒഴിപ്പിച്ചത്.

ജലനിരപ്പ് ഉയർന്നതോടെ തുരുത്ത് ഒറ്റപ്പെട്ട നിലയിലായി. ജനപ്രതിനിധികളും മുതിർന്ന പൊലീസ് ഉദ്യോഗസ്ഥരും ഫയർഫോഴ്സ് അധികൃതരും സ്ഥലത്ത് ക്യാമ്പ് ചെയ്യുന്നുണ്ട്.

# ചെങ്ങന്നൂരിൽ എൻ.ഡി.ആർ.എഫ്. സംഘം സുസജ്ജം

ആലപ്പുഴ: ചെങ്ങന്നൂരിലെത്തിയ ദേശീയ ദുരന്ത നിവാരണ സേന ആധുനിക സാങ്കേതിക സംവിധാനങ്ങളോടെ സുസജ്ജമായി. സാറ്റലൈറ്റ് റിസീവർ സംവിധാനം ഉൾപ്പടെയുള്ള ആധുനിക സങ്കേതങ്ങളുടെ സഹായത്തോടെയാണ് ഇവരെത്തിയിട്ടുള്ളത്. ചെങ്ങന്നൂർ ഐ.എച്ച്.ആർ.ഡി. എഞ്ചിനിയറിങ് കോളേജിലാണ് സംഘം ക്യാമ്പു ചെയ്യുന്നത്.

# മടവീണ് 98 ഹെക്ടർ കൃഷി നാശം

ആലപ്പുഴ: ചെറുതന കൃഷിഭവൻ പരിധിയിൽ കോഴികുഴി,

മാടയനാരി, തകഴി കൃഷിഭവൻ പരിധിയിൽ ചെത്തിക്കളം, വേഴപ്രപടിഞ്ഞാറു, മണ്ണഞ്ചേരി കൃഷിഭവൻ പരിധിയിൽ തെക്കെകരി എന്നിവിടങ്ങളിൽ മടവീണു. 98 ഹെക്ടറിലെ കൃഷി നശിച്ചതായി പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

# കൺട്രോൾ റൂം

ആലപ്പുഴ:ഹരിപ്പാട് നിയോജക മണ്ഡലത്തിലെ പ്രളയക്കെടുതി നേരിടുന്നവരെ സഹായിക്കുന്നതിനായി എം.എൽ.എ ഓഫീസ് കേന്ദ്രീകരിച്ച് കൺട്രോൾ റൂം തുറന്നതായി പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല അറിയിച്ചു.സഹായത്തിന് ബന്ധപ്പെടേണ്ട നമ്പർ:04792411234,04792415555,9388846633,9747209444